കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-നഗരകാര്യം-ഗുരുവായൂർ നഗരസഭയിൽ കല്യാണമണ്ഡപം കൺവെർട്ട് ചെയ്ത് സിനിമ തീയേറ്റർ പണിയുന്നതിൽ ചട്ട ലംഘനം- ഗുരുവായൂർ മുനിസിപ്പൽ സെക്രട്ടറിയായിരുന്ന ശ്രീ രഘുരാമനെതിരെ ആരംഭിച്ച അച്ചടക്ക നടപടിയിൽ തുടർ നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

തദ്ദേശസ്വയംഭരണ (ഇയു) വകുപ്പ്

സ.ഉ(സാധാ) നം.1381/2019/തസ്വഭവ                    തിരുവനന്തപുരം,തീയതി,05.07.2019

==================================================================

പരാമർശം:- 1. ഗുരുവായൂർ മുനിസിപ്പൽ സെക്രട്ടറി ശ്രീ രഘുരാമന് 08/03.2016-തീയതിയിൽ നൽകിയ ഇയു1/409/2016/ത.സ്വ.ഭ.വ നം കുറ്റാരോപണ മെമ്മോ.

2. നഗരകാര്യ ഡയറക്ടറുടെ 21.06.2016, 06.09.2016 തീയതികളിലെ വി.3-6481/2016 നമ്പർ കത്ത്.

3. ശ്രീ രഘുരാമൻ 20/04/2016-തീയതിയിൽ സമർപ്പിച്ച ബി.എ-43/10-11 നമ്പർ പ്രതിവാദ പത്രിക.

## ഉത്തരവ്

ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ഗുരുവായൂർ നഗരസഭയിൽ നടത്തിയ മിന്നൽ പരിശോധനയിൽ 19.04.2013 തീയതിയിലെ ബി.എ-403/10-11 പ്രകാരം ശ്രീ. സി.ആർ. രാംദാസ് എന്നയാൾക്ക് കല്യാണമണ്ഡപം കൺവെർട്ട് ചെയ്ത് സിനിമ തീയേറ്റർ പണിയുന്നതിന് അനുവാദം നൽകുകയും കെ.എം.ബി.ആർ 55(2) ന്റെ ലംഘനവും, ചീഫ് ടൗൺ പ്ലാനർ അംഗീകാരം നൽകിയ ലേ ഔട്ടിനേക്കാൾ കൂടുതൽ ഏരിയ നിർമ്മിച്ചതായി കണ്ടെത്തുകയും ചെയ്തതിനാൽ, ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ച നഗരസഭാ സെക്രട്ടറി ശ്രീ. രഘുരാമന് പരാമർശം ഒന്ന് പ്രകാരം കുറ്റപത്രം നൽകിയിരുന്നു.

കുറ്റപത്രത്തിന് പരാമർശം രണ്ട് പ്രകാരം ശ്രീ. രഘുരാമൻ സമർപ്പിച്ച മറുപടിയിൽ കെട്ടിടത്തിന്റെ പെർമിറ്റ് നൽകിയിരിക്കുന്നത് 19.04.2013 തീയതിയിൽ ആയിരുന്നുവെന്നും ഈ സമയത്ത് താൻ ഗുരുവായൂർ നഗരസഭാ സെക്രട്ടറി ആയിരുന്നില്ലെന്നും 04.11.2013-തീയതിയിൽ മാത്രമാണ് ഗുരുവായൂർ നഗരസഭാ സെക്രട്ടറിയായി താൻ ചാർജ്ജ് എടുത്തതെന്നും ആയതിനാൽ തനിക്കെതിരെയുള്ള നടപടി അവസാനിപ്പിക്കണമെന്നും അപേക്ഷിച്ചിരുന്നു.

ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) റിപ്പോർട്ടിനാധാരമായ ഗുരുവായൂർ നഗരസഭയുടെ ബി.എ-403/10-11 ഫയൽ പരിശോധിച്ചതിൽ കെട്ടിടത്തിന് 16.04.2013 ൽ പെർമിറ്റ് അനുവദിച്ചത് ശ്രീ. രഘുരാമനല്ലെന്നും ടിയാൻ ടി കാലയളവിൽ ഗുരുവായൂർ നഗരസഭാ സെക്രട്ടറിയായി ചാർജ്ജ് എടുത്തിട്ടില്ലെന്നും, ടിയാൻ ടി കാലയളവിൽ (29.10.2012 മുതൽ 01.11.2013 വരെ) ആലപ്പുഴ നഗരസഭാ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചു വരികയായിരുന്നുവെന്നും പെർമിറ്റ് അനുവദിച്ച കാര്യത്തിൽ ടിയാന് ഉത്തരവാദിത്തമില്ലെന്നും ശ്രീ. രഘുരാമൻ ഗുരുവായൂർ നഗരസഭാ സെക്രട്ടറിയായി ചാർജ്ജ് എടുക്കുന്നതിനു മുൻപായി ടി കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ച് നൽകിയിട്ടുള്ള സാഹചര്യത്തിൽ പെർമിറ്റ് അനുവദിച്ചു എന്ന ആരോപണത്തിൽ നിന്നും ടിയാനെ കുറ്റവിമുക്തനാക്കണമെന്നും പരാമർശം മൂന്ന് പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) റിപ്പോർട്ടിനാധാരമായ ഗുരുവായൂർ നഗരസഭയുടെ ബി.എ-403/10-11 ഫയൽ പരിശോധിച്ചതിൽ, കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ച 16.04.2013 കാലയളവിൽ ശ്രീ. രഘുരാമൻ ഗുരുവായൂർ നഗരസഭ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിരുന്നില്ലായെന്ന് കണ്ടെത്തിയതിനാൽ, ഗുരുവായൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. രഘുരാമനെതിരെ ആരംഭിച്ച അച്ചടക്ക നടപടിയിൽ തുടർനടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ശ്രീമതി രമണി മാത്യു
അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ), കേരള
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ. രഘുരാമൻ, സെക്രട്ടറി, പാലക്കാട് നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ